ച്ചിട്ടുണ്ട്. ട്രീറ്റ്മെന്റ് പ്ലാന്റ്, റിസർവോയർ എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കു വേണ്ടിയുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർക്കു സമർപ്പിച്ചിട്ടുണ്ട്. ബാക്കി വരുന്ന പമ്പിംഗ് മെയിൻ , ട്രാൻസ്മിഷൻമെയിൻ എന്നിവയുടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് പരിശോധന ഘട്ടത്തിലാണ്.

(സി) എൽ.ഐ.സി.

(ഡി) എൽ.ഐ.സി. യുടെ ധനസഹായത്തിന് സമർപ്പിച്ചത് 22.12.1995-ൽ ആണ്.

(ഇ) ഭരണാനുമതി 9/3/94-ലും സാങ്കേതികാനുമതി 1995 ലും നൽകി. എൽ.ഐ.സി. യുടെ അംഗീകാരം ലഭിച്ചത് 1996 മാർച്ച് മാസത്തിലാണ്.

(എഫ്) ഉണ്ട്.

(ജി) ട്രീറ്റ്മെന്റ് പ്ലാന്റ്, റിസർവോയർ, സംപ് എന്നിവയ്ക്കാവശ്യമായ സ്ഥലം ലഭിച്ചിട്ടില്ല. സ്ഥലം ലഭിച്ചാലുടൻ പദ്ധതി പൂർത്തിയാക്കുന്നതാണ്.

(1839) കൊടുവള്ളി സമഗ്ര ശുദ്ധജല വിതരണ പദ്ധതി

ശ്രീ. സി. മമ്മൊയീൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി മണ്ഡലത്തിലെ കൊടുവള്ളി സമഗ്ര ശുദ്ധജലവിതരണ പദ്ധതി മുഖേന ഏതൊക്കെ പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ ലക്ഷ്യമിട്ടിരുന്നു;

(ബി) ഈ പദ്ധതി എന്നാണ് പൂർത്തിയാക്കിയത്;

(സി) എത്ര കോടി രൂപ ഇതിന് മുതൽ മുടക്കി;

(ഡി) ലക്ഷ്യമിട്ടിരുന്ന നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ;

(എഫ്) ഈ പദ്ധതി ലക്ഷ്യം കാണുന്നതിൽ എന്തെങ്കിലും ബദൽ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ജി) എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(എച്ച്) ബദൽ നിർദ്ദേശം എന്നത്തേക്ക് പ്രാവർത്തികമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഐ) കിഴക്കോത്ത് പഞ്ചായത്തിലെ ചെറുമല വാട്ടർ ടാങ്കിലേക്ക് വെള്ളം എത്തിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കൊടുവള്ളി, കിഴക്കോത്ത്, മടവൂർ എന്നീ പഞ്ചായത്തുകളിൽ ശുദ്ധജലവിതരണം നടത്തുന്നതിനുവേണ്ടിയാണ് ഈ പദ്ധതി നടപ്പാക്കിയത്.

(ബി) 1996 മാർച്ച് മാസത്തിൽ.

(സി) 274.48 ലക്ഷം രൂപ ചെലവഴിച്ചു.

(ഡി) ഭാഗികമായി സാധിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ പദ്ധതിയിൽ നിന്നും ശുദ്ധജലവിതരണം നടത്തുന്നുണ്ട്. എന്നാൽ വേനൽക്കാലത്ത് ഉറവിടത്തിന്റെ അപര്യാപ്തതമൂലവും, കൊടുവള്ളി ഭാഗത്തെ കൂടിയ ഉപഭോഗം മൂലവും കിഴക്കോത്ത് പഞ്ചായത്തിലും മടവൂർ പഞ്ചായത്തിൽ ഭാഗികമായും കുടിവെള്ളം എത്തിക്കുവാൻ സാധിക്കുന്നില്ല.

(എഫ്)ഉണ്ട്.

(ജി) പുതൂർ പുഴയിൽ കൊടുവള്ളിക്കടവിൽ നിലവിലുള്ള റൂറൽ വാട്ടർ സപ്ലൈ സ്കീമിന്റെ കിണറിൽ നിന്നും 40 എച്ച്.പി. രണ്ട് മോട്ടോർ ഉപയോഗിച്ച് നിലവിലുള്ള കിഴക്കോത്ത് ടാങ്കിലേക്ക് വെള്ളം പമ്പ് ചെയ്ത് നിലവിലുള്ള ഡിസ്ട്രിബ്യൂഷൻ പൈപ്പ് വഴി വിതരണം ചെയ്യാനാണ് നിർദ്ദേശം. ഈ നിർദ്ദേശം നടപ്പിലാക്കാൻ ഏകദേശം 25 ലക്ഷം രൂപയോളം ചെലവ് വരുന്നതാണ്.

(എച്ച്) ഇതിനാവശ്യമായ പണവും സാധനസാമഗ്രികളും കണ്ടെത്തി എത്രയും വേഗം പ്രാവർത്തികമാക്കാൻ നടപടിയെടുക്കുന്നതാണ്.

(ഐ) 25 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കി പരിശോധിച്ചു വരുന്നു.

(1840) കുടിവെള്ള പദ്ധതികൾക്ക് ആവശ്യമായ പൈപ്പ്

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ളം എത്തിക്കാൻ സർക്കാർ നടപ്പിലാക്കി വരുന്ന മിക്ക പദ്ധതികളും പൈപ്പ് ലഭിക്കാത്തതുകൊണ്ട് സ്തംഭനാവസ്ഥയിലാണ് എന്നത് സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കി വരുന്ന പദ്ധതികൾക്ക് ആവശ്യമായ പൈപ്പ് എത്രയാണ്; ഇതിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണ്;

(സി) സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന ശുദ്ധജലവിതരണ പദ്ധതികളിൽ പലതും തകരാറിലാകുന്നത് ഗുണമേന്മയില്ലാത്ത പൈപ്പുകൾ ഉപയോഗിക്കുന്നതുമൂലമാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) പൈപ്പിന്റെ ഉപയോഗവും പൈപ്പ് വാങ്ങുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ചുള്ള വാട്ടർ അതോറിറ്റിയുടെ ഇപ്പോഴത്തെ നയം എന്താണ്; ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) പൈപ്പ് ലഭിക്കാത്തതുകൊണ്ട് ചില പദ്ധതികളുടെ പണി സ്തംഭനാവസ്ഥിയിലാണ് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പദ്ധതികൾക്ക് 280 കോടി രൂപയുടെ വിവിധയിനം പൈപ്പുകൾ ആവശ്യമുണ്ട്. ഇതിൽ 50 കോടി രൂപയുടെ

LIBRARY ARCHIVES Kerala Legislative Assembly